**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2991** **28-02-2023 - ൽ മറുപടിയ്ക്ക്**

**കേട്ടുപാട്ടുകൾ സംഭവിച്ച ബോട്ടുകൾ നന്നാക്കുന്നതിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭം മൂലം കേട്ടുപാട്ടുകൾ സംഭവിച്ച മത്സ്യബന്ധന ബോട്ടുകൾ, ഉപകരണങ്ങൾ എന്നിവ നന്നാക്കുന്നതിനായി പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ; | (എ) | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസ ത്തിന് എന്ന ബജറ്റ് ശീർഷകം ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്യുന്നില്ല. കടലാക്രമണത്തിൽ പൂർണ്ണമായോ/ ഭാഗികമായോ നഷ്ടം സംഭവിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്കും അനുബന്ധ ഉപകരണങ്ങൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നുണ്ട്. 2018 മൺസൂണിനു ശേഷം സംസ്ഥാനത്തുണ്ടായ മത്സ്യബന്ധന യാനങ്ങളുടെ നാശനഷ്ടം പരിഗണിച്ച് പൊന്നാനിയിലുണ്ടായ അപകട ങ്ങൾക്ക് രണ്ട് ഘട്ടങ്ങളിലായി 2,61,17,174/- രൂപയും മറ്റു ജില്ലകളിൽ അപകടം സംഭവിച്ചവർക്ക് രണ്ട് ഘട്ടങ്ങളിലായി 3,96,65,400/- രൂപയും ചേർത്ത് ആകെ 6,57,82,574/- രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>2018 പ്രളയത്തിൽ വിവിധ ജില്ലകളിലായി പൂർണ്ണമായി നാശനഷ്ടം സംഭവിച്ച ബോട്ടുകളുടെ നഷ്ടപരിഹാരത്തിനായി ആകെ 22,56,000/- രൂപയും ഭാഗികമായി നാശനഷ്ടം സംഭവിച്ച ബോട്ടുകൾക്കുള്ള നഷ്ടപരിഹാരത്തിനായി ആകെ 41,08,200/- രൂപയും അതാത് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>2019 പ്രളയത്തിൽ പൂർണ്ണമായി നാശനഷ്ടം സംഭവിച്ച ബോട്ടുകൾക്ക് ബോട്ട് ഒന്നിന് 9600/- രൂപ നിരക്കിൽ നൽകുന്നതിന് 5,18,400/- രൂപയും ഭാഗികമായി നാശനഷ്ടം സംഭവിച്ച ബോട്ടുകൾക്ക് ബോട്ട് ഒന്നിന് 4,100/- രൂപ നിരക്കിൽ 5,12,500/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട് . |
| (ബി) | പ്രസ്തുത തുക നാളിതുവരെ ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസ ത്തിന് എന്ന ബജറ്റ് ശീർഷകം ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്യുന്നില്ല. കടലാക്രമണത്തിൽ പൂർണ്ണമായോ/ |

| | | | |
|---|---|---|---|
| | | | ഭാഗികമായോ നഷ്ടം സംഭവിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്കും അനുബന്ധ ഉപകരണങ്ങൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നുണ്ട്. 2018 മൺസൂണിനു ശേഷം സംസ്ഥാനത്തുണ്ടായ മത്സ്യബന്ധന യാനങ്ങളുടെ നാശനഷ്ടം പരിഗണിച്ച് പൊന്നാനിയിലുണ്ടായ അപകട ങ്ങൾക്ക് രണ്ട് ഘട്ടങ്ങളിലായി 2,61,17,174/- രൂപയും മറ്റ ജില്ലകളിൽ അപകടം സംഭവിച്ചവർക്ക് രണ്ട് ഘട്ടങ്ങളിലായി 3,96,65,400/- രൂപയും ചേർത്ത് ആകെ 6,57,82,574/- രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>2018 പ്രളയത്തിൽ വിവിധ ജില്ലകളിലായി പൂർണ്ണമായി നാശനഷ്ടം സംഭവിച്ച ബോട്ടുകളുടെ നഷ്ടപരിഹാരത്തിനായി ആകെ 22,56,000/- രൂപയും ഭാഗികമായി നാശനഷ്ടം സംഭവിച്ച ബോട്ടുകൾക്കുള്ള നഷ്ടപരിഹാരത്തിനായി ആകെ 41,08,200/- രൂപയും അതാത് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>2019 പ്രളയത്തിൽ പൂർണ്ണമായി നാശനഷ്ടം സംഭവിച്ച ബോട്ടുകൾക്ക് ബോട്ട് ഒന്നിന് 9600/- രൂപ നിരക്കിൽ നൽകുന്നതിന് 5,18,400/- രൂപയും ഭാഗികമായി നാശനഷ്ടം സംഭവിച്ച ബോട്ടുകൾക്ക് ബോട്ട് ഒന്നിന് 4,100/- രൂപ നിരക്കിൽ 5,12,500/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ